**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | പരമ്പരാഗതമായി നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. പട്ടികവർഗ്ഗക്കാരെ സിവിൽ സർവ്വീസ് മേഖലയിൽ എത്തിക്കുന്നതിനുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് പരിപാടി നടപ്പിലാക്കി.<br><br>2. വൈമാനിക മേഖലയിൽ പ്രത്യേക നൈപുണ്യ പരിശീലനം നൽകി വിവിധ മേഖലയിൽ പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.<br><br>3. വീടിന്റെ അറ്റകുറ്റപണിക്കായി സേഫ് പദ്ധതി.<br><br>4.ഇടമലക്കുടി, സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജ്<br><br>5. പുതിയതായി രണ്ട് ഇ.എം.ആർ.എസ് സ്ഥാപിച്ചു.<br><br>6.ഭിന്നശേഷിക്കാരായുള്ള പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br><br>7. ട്രൈബൽ പാരാമെഡിക്സ് പദ്ധതി പ്രകാരം നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br><br>8.പട്ടികവർഗ്ഗക്കാരായ നിയമ ബിരുദധാരികൾക്ക് ഇന്റേൺഷിപ്പ്<br><br>9. മൈക്രോപ്ലാൻ പദ്ധതി ആവിഷ്കരിച്ചു. |

| | | | |
|---|---|---|---|
| | | | 10.അട്ടപ്പാടിയിലെ പ്രത്യേക ദുർബല വിഭാഗ മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചു.<br><br>11. കണക്ടിവിറ്റി ഇല്ലാത്ത എല്ലാ പട്ടികവർഗ്ഗ കോളനികളിലും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br><br>12. പട്ടികവർഗ്ഗ വികസന വകുപ്പും, സി-ഡാക്കുമായി ചേർന്ന് വയനാട്ടിൽ ഡിജിറ്റലി കണക്ടഡ് ട്രൈബൽ വില്ലേജ് ആവിഷ്കരിച്ചു.<br><br>13പട്ടികവർഗ്ഗക്കാർക്ക് സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള എ.ബി.സി.ഡി പ്രോഗ്രാം നടപ്പിലാക്കി.<br><br>14. പട്ടിക വർഗ്ഗക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി "ഉന്നതി" എന്ന എംപവർമെൻറ് സൊസൈറ്റി രൂപീകരിച്ചു. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവതി-യുവാക്കൾക്കാണ് വിവിധ വകുപ്പുകളിലായി ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 3155 പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ) പി സ്സ് സി മുഖേന നിയമന ശിപാർശ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ